SANTHOME Messenger
FARIDABAD DIOCESAN BULLETIN
Vol. 11 Issue 2 Mar-Apr 2020

# PASTORAL SOLICITUDE IN THE CORONA TIMES





"Prayerful Festal Greetings
to our Dearest
Bishop Jose Puthenveettil
on his
Patron's Day on 19th March

Team Santhome Messenger

# Festal Greetings



Fr. Varghese
Ithithara
1 April



Fr. George
Kulampally CST
23 April



Fr. Biju
Kannampuzha
23 April



Fr. George (Santhosh)
Kizhuthara
23 April



Fr. George
Kachappilly CMI
24 April



Fr. George
Kochupurackal
24 April



Fr. George
Thoomkuzhy
24 April



Fr. Jose
Kannumkuzhy
1 May

Festal Greetings also to all our Rev. Sisters and Laity,
having Patron's Day in April, May






FARIDABAD DIOCESAN BULLETIN

# **SANTHOME** MESSENGER

DIOCESE OF FARIDABAD-DELHI
Volume-11, Issue-2, Mar-Apr 2020
E-mail: santhomemessenger@gmail.com

PATRON
**ARCHBISHOP KURIAKOSE BHARANIKULANGARA**

CHIEF EDITOR
**REV. FR. THOMAS KULAMPALLIL**
kthomaskurian@gmail.com

ASSOCIATE EDITOR
**JOHNSON V.P.**
johnpvadakkan@yahoo.com

MEMBERS
**REV. MSGR. JOSE VETTICKAL**
**REV. DR. PIUS MALEKANDATHIL**
**P. J. THOMAS**
**JESSY JOSE**

DESIGNED & PRINTED BY
**ROYALTHOTZ, NEW DELHI**
royalthotz@gmail.com

WEB EDITION
**SONY JOSEPH**

**PUBLISHED BY: DIOCESE OF FARIDABAD-DELHI**
Bishop's House, 1B/32 N.E.A, Old Rajinder Nagar
New Delhi - 110060
E-mail: info@faridabaddiocese.in
Website: www.faridabaddiocese.in
*(Private Circulation Only)*

## INSIDE

APPEAL FOR HOLY LAND... 02
PASTORAL LETTER 03
CONSECRATION TO THE IMMACULATE HEART OF MARY 06
ARCHBISHOP KURIAKOSE BHARANIKULANGARA
ഈശോയുടെ തിരുഹൃദയ പ്രതിഷ്ഠ 11
മാർ ജോസ് പുത്തൻവീട്ടിൽ
COVID 19 - DIOCESE IN THE FOREFRONT 15
യേശുവിന്റെ വി.കുരിശ്: സത്യവും മിഥ്യയും 16
PASTORAL SOLICITUDE IN THE CORONA TIMES 18
MATHRUVEDHI NEWS 23
CATECHISM NEWS 24
CBCI NEWS 25
DELHI RIOTS 2020 26
PUNJAB MISSION NEWS 27
WORLD NEWS 28
PARISH NEWS 30



# APPEAL FOR HOLY LAND COLLECTIONS BY PREFECT OF ORIENTAL CONGREGATION

**February 26, 2020**
**Ash Wednesday**

***Your Excellency,***

"Jesus will be in agony even to the end of the world; we must not sleep during that time" (Blaise Pascal, Pensées, 553). Pascal's phrase reminds us of the mystery of the Redeemer's struggle and suffering, which the liturgical year celebrates and makes present in a special way through Holy Week and the Sacred Triduum. It is an affirmation that also underlines the fact that Christ identifies himself with the agony and suffering of those who in history seem to know nothing but an interminable Good Friday: people tried by solitude, by war and by hunger, by rejection and abandonment.

Pope Francis' prayer at the end of the Way of the Cross in the Colosseum on 19 April 2019 reviews the evils and pains of the world and places them beside the Cross of Jesus: "The cross of those who hunger for bread and for love; the cross of those who are alone and abandoned, even by their own children and relatives; the cross of those who thirst for justice and peace; the cross of the elderly who bear the weight of the years and of solitude; the cross of migrants who find doors closed due to fear, and hearts armoured by political calculations; the cross of the little ones, wounded in their innocence and their purity; the cross of humanity that wanders in the darkness of uncertainty and in the obscurity of the culture of the momentary". It concludes, "Lord Jesus, revive in us the hope of the resurrection and of your definitive victory against every evil and every death".

The Holy Land is the physical place where Jesus lived this agony and this suffering, transforming it into redemptive action thanks to an infinite love. At Gethsemane, this land receives the drops of blood that he sweats. In the upper room, he anticipates the offering of himself that he will make on the cross through the gift of the Eucharist, but also through the washing of feet and the precept of brotherly love. Along the Via Dolorosa, we can still imagine the places of the double trial and condemnation of Jesus. We can see him as he walks the road carrying the cross, helped by Simon of

*to be continued on page no 14*

# ഇടയലേഖനം

## (PASTORAL LETTER)



ദൈവകൃപയാലും ശ്ലൈഹീക സിംഹാസനത്തിന്റെ മനോഗുണത്താലും ഫരീദാബാദ്-ഡൽഹി രൂപതയുടെ മെത്രാൻ കുര്യാക്കോസ് ഭരണികുളങ്ങര തന്റെ അധികാരത്തിൽപ്പെട്ട ഇടവകകളിലെ ബഹുമാനപ്പെട്ട വികാരിമാർക്കും അസ്തേന്തിമാർക്കും മറ്റു വൈദികർക്കും സന്യാസിനീസന്യാസിമാർക്കും വിശ്വാസികൾക്കുമായി എഴുതുന്നത്.

*മിശിഹായിൽ സ്നേഹമുള്ള മാതാപിതാക്കളെ, സഹോദരീസഹോദരന്മാരേ, പ്രിയമുള്ള കുഞ്ഞുങ്ങളെ,*

അമ്പത് നോമ്പിന്റെ അരൂപിയിൽ നിറഞ്ഞ് നിൽക്കുന്ന നിങ്ങൾക്ക് ഓരോരുത്തർക്കും ഉയിർപ്പ് തിരുനാളിന്റെ മംഗളങ്ങൾ മുൻകൂട്ടി ആശംസിക്കുന്നതോടൊപ്പം നിങ്ങളുടെ ഹൃദയത്തിലും കുടുംബത്തിലും ഇടവക കൂട്ടായ്മയിലും ഉത്ഥിതന്റെ ശാന്തിയും സമാധാനവും നിറഞ്ഞു നിൽക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

2012-ൽ സ്ഥാപിതമായ ഫരീദാബാദ്-ഡൽഹി സീറോ മലബാർ രൂപത നിലവിൽ വന്നിട്ട് എട്ട് വർഷത്തോളമായല്ലോ. നമുക്കേവർക്കും അറിയാവുന്നതുപോലെ ഡൽഹി, ഹരിയാന, പഞ്ചാബ്, ഹിമാചൽ പ്രദേശ്, ജമ്മു കാശ്മീർ, ഉത്തർ പ്രദേശ് എന്നീ സംസ്ഥാനങ്ങളിലായി വ്യാപിച്ചു കിടക്കുന്ന നമ്മുടെ രൂപത അജപാലന രംഗത്ത് അഭിമുഖീകരിക്കുന്ന പ്രയാസങ്ങളെക്കുറിച്ചും, വെല്ലുവിളികളെക്കുറിച്ചും, പ്രത്യേകിച്ചും വൈദികരുടെയും മിഷനറിമാരുടെയും അഭാവത്തെക്കുറിച്ചും നിങ്ങൾക്ക് അറിവുള്ളതാണല്ലോ. ഒന്നാമതായി ഇത്ര വിശാലമായ പ്രദേശത്ത് അനുയോജ്യമായ പ്രേഷിത സാന്നിധ്യത്തിന് നമുക്ക് ആവശ്യത്തിന് വൈദികരില്ല എന്നുള്ളതാണ്. വിളവധികം വേലക്കാരോ ചുരുക്കം, അതിനാൽ തന്റെ വിളവിന്റെ ഭൂമിയിലേക്ക് വേലക്കാരെ അയയ്ക്കാൻ വിളവിന്റെ നാഥനോട് പ്രാർത്ഥിക്കുവിൻ (മത്താ. 9:37-38). പൗലോസ് ശ്ലീഹാ റോമക്കാർക്ക് എഴുതിയ ലേഖനത്തിൽ പറയുന്നതുപോലെ (1, 13), അങ്ങനെ മറ്റൊരുവൻ സ്ഥാപിച്ച അടിസ്ഥാനത്തിന്മേൽ പണിയാതെ, ക്രിസ്തുവിനെ അറിയാത്ത സ്ഥലങ്ങളിൽ സുവിശേഷം പ്രസംഗിക്കുന്നതിൽ അത്യധികം ഉത്സാഹം കാണിക്കുന്ന ധാരാളം വൈദികർ നമ്മുടെ കുടുംബങ്ങളിൽ ഉണ്ടാകുവാൻ നമുക്ക് പ്രാർത്ഥിക്കുകയും പരിശ്രമിക്കുകയും, പ്രവർത്തിക്കുകയും ചെയ്യാം.

ഈ അവസരത്തിൽ നമ്മുടെ കുടുംബങ്ങളിൽ കൂടുതൽ കുട്ടികൾ ഉണ്ടാകേണ്ടതിന്റെ ആവശ്യകതയെ സൂചിപ്പിക്കുവാൻ ഞാനാഗ്രഹിക്കുന്നു. ദൈവീക പദ്ധതിയോടുചേർന്ന്, കൂടുതൽ ത്യാഗമനോഭാവത്തോടെ പ്രവർത്തിക്കുവാൻ എല്ലാ യുവമാതാപിതാക്കളോടും ഞാനാഹ്വാനം ചെയ്യുകയാണ്. ഇന്നത്തെ വ്യവസ്ഥിതിയിൽ ചേട്ടൻ, ചേട്ടത്തി, അനുജൻ, അനുജത്തി, ആങ്ങള, പെങ്ങൾ, വല്യേട്ടൻ, വല്യമ്മച്ചി തുടങ്ങിയ ബന്ധങ്ങളെക്കുറിച്ച് നമ്മുടെ കുട്ടികൾക്ക് ബോധ്യം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. എഫേസോസുകാർക്കുള്ള ലേഖനം (6,7) പറയുന്നതുപോലെ മനുഷ്യനുവേണ്ടിയല്ല, കർത്താവിനുവേണ്ടി എന്ന പോലെ, സന്മനസ്സോടെ ശുശ്രൂഷ ചെയ്യുവാൻ, സന്നദ്ധതയുള്ള ത്യാഗമനോഭാവമുള്ള ധാരാളം കുട്ടികൾ നമ്മുടെ കുടുംബങ്ങളിൽ ഉണ്ടാകുവാൻ നമുക്ക് പ്രാർത്ഥിക്കാം. അതുകൊണ്ട് ദൈവം എന്നെയും നിങ്ങളെയും ഏൽപ്പിച്ചിട്ടുള്ള ഈ രൂപതയുടെ അജപാലന ശുശ്രൂഷ ഈ കാലഘട്ടത്തിലും വരും കാലഘട്ടത്തിലും സുഗമമായി നടത്തികൊണ്ടുപോകുവാൻ ദീർഘവീക്ഷണത്തോടെ ഉണർന്ന് പ്രവർത്തിക്കേണ്ട സമയമാണിത്. നമ്മുടെ അനുദിന ദിവ്യബലികളിലും, കുടുംബപ്രാർത്ഥനകളിലും ധാരാളം

ദൈവവിളികൾ നമ്മുടെ കുടുംബങ്ങളിൽ നിന്നുണ്ടാകുവാൻ വേണ്ടി നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം.

നമ്മുടെ രൂപതയിൽ ദൈവവിളി പ്രോത്സാഹനത്തിനായി ബഹു. ജൂലിയസ് അച്ചന്റെ നേതൃത്വത്തിൽ അത്മായരിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട വൊക്കേഷൻ ആനിമേഷൻ ടീം പ്രവർത്തിക്കുന്നുണ്ട്. ഈ ടീമിൽ ചേർന്ന് പ്രവർത്തിക്കുവാൻ, കൂടുതൽ ദൈവവിളി പ്രോത്സാഹിപ്പിക്കാൻ, പ്രാർത്ഥിക്കാൻ കൂടുതൽ സഭാമക്കളെ ഞാൻ ഈ അവസരത്തിൽ സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

ഗാർഹിക സഭയെന്നറിയപ്പെടുന്ന കുടുംബം ദൈവവിളി പരുവപ്പെടുത്തേണ്ട നേഴ്സറിയാണ്. മത്തായി 13:8-ൽ പറയുന്നതുപോലെ നല്ല നിലത്ത് വീണ വിത്ത് 100, 60, 30 മേനി വിളവ് നല്കിയതുപോലെ നമ്മുടെ കുടുംബങ്ങളിൽ നിന്നും നല്ല കുഞ്ഞുങ്ങളെ പൗരോഹിത്യത്തിലേയ്ക്കും, സമർപ്പിത ജീവിതത്തിലേക്കും വേണ്ടി ദൈവത്തിന് വിട്ടുകൊടുക്കുവാൻ മാതാപിതാക്കൾ സന്മനസ്സ് കാണിക്കണം. പ്രതിസന്ധികളിലും കഷ്ടപ്പാടുകളിലും സുഖത്തിലും ദുഃഖത്തിലും ആരോഗ്യത്തിലും അനാരോഗ്യത്തിലും എല്ലാം ദൈവഹിതം കണ്ടെത്തുന്ന മാതൃക കുടുംബങ്ങളിൽ നിന്നും ദൈവവിളി കിട്ടേണ്ടത് ഇന്നിന്റെ ആവശ്യമാണ്. സ്വാർത്ഥത വെടിഞ്ഞ് മൂന്നാമത്തെയും നാലാമത്തെയും അഞ്ചാമത്തെയും കുട്ടികളെ ദൈവീക വേലയ്ക്കായ് നമുക്ക് സമർപ്പിക്കാം. ഇതിനായി എല്ലാ യുവമാതാപിതാക്കളെയും നല്ലവനായ ദൈവം ധൈര്യപ്പെടുത്തുകയും അനുഗ്രഹിക്കുകയും ചെയ്യട്ടെ.

സഭയ്ക്കും സഭയുടെ പൗരോഹിത്യ ശുശ്രൂഷയ്ക്കും എതിർസാക്ഷ്യം നൽകുന്ന തരത്തിൽ പൗരോഹിത്യ ജീവിതത്തിലുണ്ടാകുന്ന ചില വീഴ്ചകളെ പർവ്വതീകരിച്ച് കുടുംബങ്ങളിലും പൊതുവേദികളിലും ചർച്ചചെയ്ത് സഭയെയും, പൗരോഹിത്യത്തെയും വികലമാക്കുന്നതും വിമർശിക്കുന്നതും വൈദീകാന്തസിലേക്കുള്ള വിളിയെയും പൗരോഹിത്യത്തെയും കാര്യമായി ബാധിക്കുന്നുണ്ട്. അതുകൊണ്ട് പ്രാർത്ഥനകൊണ്ടും, പണം കൊണ്ടും ദൈവവിളിയെ പ്രോത്സാഹിപ്പിക്കുന്നതുപോലെ തന്നെ പ്രാധാന്യമുള്ള കാര്യമാണ് മേൽ പറഞ്ഞതരത്തിലുള്ള വിമർശനങ്ങൾ ഒഴിവാക്കേണ്ടതും വളരെ അത്യാവശ്യമാണ്. സഭയുടെയും, പൗരോഹിത്യത്തിന്റെയും ചെറുതോ വലുതോ ആയ വീഴ്ചകളിൽ സഭയോട് ചേർന്ന് സഭയെ ശക്തിപ്പെടുത്തുവാൻ സഹായിക്കുകയെന്നത് സഭയെ സ്നേഹിക്കുന്നവരുടെ കടമയാണ്.

വൈദിക വിദ്യാർത്ഥികളുടെ പരിശീലനത്തിന് സാമ്പത്തികമായി സഹായിക്കുകയെന്നതാണ് ദൈവവിളി പ്രോത്സാഹനത്തിന് നമുക്ക് മുമ്പിലുള്ള രണ്ടാമത്തെ മാർഗ്ഗം. വൈവിധ്യവും വിസ്തൃതവുമായ നമ്മുടെ രൂപതയിൽ അജപാലന ശുശ്രൂഷയ്ക്കായ് ഇപ്പോൾ എൺപത്തിയഞ്ചോളം (85) വൈദീകർ ശുശ്രൂഷ ചെയ്യുന്നുണ്ട്. ഇതിൽ ഇരുപത്തിനാലുപേർ (24) മാത്രമാണ് നമ്മുടെ ഫരീദാബാദ് രൂപതയുടെ സ്വന്തമായുള്ളൂ. ശേഷിക്കുന്ന അറുപത്തിയൊന്നു (61) വൈദീകർ നമ്മുടെ സഭയുടെ കേരളത്തിലേയും, കേരളത്തിനു പുറത്തുള്ള മിഷൻ രൂപതകളിൽ നിന്നും വിവിധ സന്യാസസഭകളിൽ നിന്നുമൊക്കെയായി താൽക്കാലിക ശുശ്രൂഷക്കുവേണ്ടി വന്നിട്ടുള്ളവരാണ്. ഒന്നോ, രണ്ടോ, മൂന്നോ വർഷത്തെ സേവനത്തിനു ശേഷം അവർ താന്താങ്ങളുടെ മാതൃരൂപതകളിലേക്കും സന്ന്യാസ സഭകളിലേക്കും തിരിച്ചുപോകേണ്ടവരാണ്. സുവിശേഷ വേലയ്ക്കായ് ഇനിയും ധാരാളം വൈദീകരെ നമുക്ക് ആവശ്യമാണ്. സുവിശേഷവൽക്കരണത്തിനും അനുബന്ധ ശുശ്രൂഷകൾക്കും വളക്കുറുള്ള പഞ്ചാബ് മിഷൻ പ്രദേശങ്ങളിൽ ശുശ്രുഷ നടത്തുവാൻ ആവശ്യത്തിന് വൈദികർ ഇല്ലാത്തത് നമ്മുടെ മിഷൻ ശുശ്രൂഷകളെ കാര്യമായി ബാധിക്കുന്നു. അതുകൊണ്ടു വിസ്തൃതവും ഫലഭുയിഷ്ടവുമായ ഈ മിഷൻ പ്രദേശങ്ങളിൽ നമുക്കാവശ്യമായ വൈദിക വിദ്യാർത്ഥികളെ പരിശീലിപ്പിക്കേണ്ടതും ആവശ്യമായ കാര്യമാണെന്ന വസ്തുത നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ദൈവാനുഗ്രഹത്താൽ ഇപ്പോൾ വൈദിക പരിശീലനത്തിന്റെ പ്രാരംഭഘട്ടം നടക്കുന്ന തൊമ്മൻകുത്തിലുള്ള നമ്മുടെ മൈനർ സെമിനാരിയിൽ 1, 2, 3 വർഷങ്ങളിലായി 52 വൈദീക വിദ്യാർത്ഥികൾ പരിശീലനം നടത്തിവരുന്നു. കേരളത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നും നമ്മുടെ രൂപതയ്ക്കുവേണ്ടി വൈദീക പരിശീലനത്തിന് വന്നിട്ടുള്ള ഇവരെ തികച്ചും സൗജന്യമായാണ് പഠിപ്പിക്കുന്നത്. അവരുടെ പഠന ചിലവുകൾ നമ്മുടെ രൂപത തന്നെ വഹിച്ചു വരുന്നു.

കേരളത്തിലും, കേരളത്തിനു പുറത്തും ഭാരതത്തിനു പുറത്തുമുള്ള മേജർ സെമിനാരികളിലായി

എൺപത്തിനാലോളം (84) വൈദീക വിദ്യാർത്ഥികൾ പരിശീലനം നേടിക്കൊണ്ടിരിക്കുന്നു എന്ന കാര്യം സന്തോഷപൂർവ്വം ഞാൻ നിങ്ങളെ അറിയിക്കുന്നു. റോമിൽ നമുക്ക് അഞ്ച് സെമിനാരിക്കാർ ഉണ്ടെന്നത് ഒരു പുതിയ രൂപത എന്ന നിലയിൽ അഭിമാനർഹമാണ്. ഇവരുടെയെല്ലാം പഠനത്തിനും, പരിശീലനത്തിനും വേണ്ടി വരുന്ന സാമ്പത്തിക ചിലവുകൾ 8 വർഷം മാത്രം പ്രായമായ നമ്മുടെ രൂപതയ്ക്ക് താങ്ങാവുന്നതിൽ അധികമാണെന്നുള്ള കാര്യം നിങ്ങൾ ഓരോരുത്തർക്കും അറിവുള്ളതാണല്ലോ. ഇന്നത്തെ കണക്കനുസരിച്ച് മേജർ സെമിനാരിയിൽ പഠിക്കുന്ന ഒരു വൈദിക വിദ്യാർത്ഥിക്ക് ഒരു വർഷം ഏകദേശം 60,000 (അറുപതിനായിരം) രൂപ ചെലവ് വരുന്നുണ്ട്. അതായത് ഏകദേശം 50,40,000 (അമ്പതുലക്ഷത്തി നാൽപ്പതിനായിരം രൂപ ഫീസ് ഇനത്തിൽ മാത്രം ചെലവ് വരുന്നുണ്ട്. അതുകൂടാതെ 52 മൈനർ സെമിനാരി വിദ്യാർത്ഥികളുടെ പരിശീലനത്തിനായി ഏകദേശം 22 ലക്ഷം (ഇരുപത്തിരണ്ട് ലക്ഷം) രൂപയും ചെലവ് വരുന്നുണ്ട്. ആശുപത്രി ചിലവുകൾ ഉണ്ടായാൽ അതുവേറെ. അതായത് നമ്മുടെ രൂപതയിലെ മൊത്തം വൈദിക വിദ്യാർത്ഥികളുടെ പഠനത്തിനും പരിശീലനത്തിനുമായി ഒരു വർഷം മാത്രം 72 ലക്ഷം രൂപയോളം ചെലവ് വരുന്നുണ്ട്. നമ്മുടെ രൂപതയുടെ ഇപ്പോഴുള്ള അവസ്ഥയിൽ ഇത്രയും ഭീമമായ സംഖ്യ ഓരോ വർഷവും ചെലവഴിക്കുകയെന്നത് വളരെ ബുദ്ധിമുട്ടാണെന്ന് നിങ്ങൾക്ക് ഊഹിക്കാമല്ലോ.

ഇക്കാര്യത്തിൽ ഉദാരമതികളായ നിങ്ങളുടെ സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുകയാണ്. മാസാടിസ്ഥാനത്തിൽ ഒരു മേജർ സെമിനാരി വിദ്യാർത്ഥിക്ക് ഒരു മാസം ഏകദേശം 5000/- രൂപയാണ് ചെലവ് വരുന്നത്. പൗലോസ് ശ്ലീഹാ കൊറിന്തോസുകാർക്ക് എഴുതിയ ലേഖനത്തിൽ പറയുന്നതുപോലെ (1 Cor 4;1) ക്രിസ്തുവിന്റെ ദാസന്മാരും ദൈവീക രഹസ്യങ്ങളുടെ കാര്യസ്ഥന്മാരുമാകാൻ ഒരുങ്ങിക്കൊണ്ടിരിക്കുന്ന വൈദിക വിദ്യാർത്ഥികളെ പ്രാർത്ഥനാ സഹായം കൊണ്ടും പണംകൊണ്ടും പ്രോത്സാഹനങ്ങൾ കൊണ്ടും സഹായിക്കുവാൻ ദൈവാത്മാവ് പ്രചോദിപ്പിക്കുന്നതനുസരിച്ച് നിങ്ങളെല്ലാവരും തയ്യാറാവണമെന്ന് ഈ അവസരത്തിൽ ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുകയാണ്.

നിങ്ങളുടെ ദശാംശത്തിന്റെ വീതമോ, ആദ്യമായി ജോലി ലഭിക്കുന്നവർ ആദ്യത്തെ ശമ്പളമോ പ്രൊമോഷൻ കിട്ടുമ്പോഴുള്ള പ്രതിഫലമോ ഒക്കെ ദൈവവിളി പ്രോത്സാഹനത്തിനായി സംഭാവന ചെയ്യുന്നത് ഉചിതമായിരിക്കും. മുൻകാലങ്ങളിൽ വൈദീകനാകാൻ ആഗ്രഹിച്ചിട്ട് പലവിധ കാരണങ്ങളാൽ അത് സാധിക്കാതെപോയി. പിൽക്കാലത്ത് അത്മായജീവിതം നയിക്കുന്നവർക്ക് ഇക്കാര്യത്തിൽ പ്രത്യേകിച്ചും സഹകരിക്കാൻ സാധിക്കും.

ഇതിനകം ദൈവവിളി പ്രോത്സാഹനത്തിനും മൈനർ സെമിനാരിക്കുമായി സഹായസഹകരണങ്ങൾ നൽകുന്ന എല്ലാ ഉപകാരികളെയും അഭ്യുദയകാംക്ഷികളെയും നന്ദിയോടെ ഓർക്കുകയും അവർക്ക് പ്രത്യേകം ദൈവാനുഗ്രഹം നേരുകയും ചെയ്യുന്നു. അതോടൊപ്പം തന്നെ, തങ്ങളുടെ ജീവിതം കേരളത്തിന് പുറത്ത് ഈ മിഷൻ രൂപതയിൽ സേവനം ചെയ്യുവാനായി ത്യാഗപൂർവ്വം മുമ്പോട്ട് വന്നിട്ടുള്ള ഈ യുവജനങ്ങളുടെ അർപ്പണ മനോഭാവത്തെ ശ്ലാഘിക്കുന്നതോടൊപ്പം തങ്ങളുടെ മക്കളെ സഭാ സേവനത്തിനായി വിട്ടുനൽകാൻ സന്നദ്ധരായ മാതാപിതാക്കളുടെ മഹാമനസ്കതയ്ക്ക് നന്ദി പറയുകയും ചെയ്യുന്നു.

ഈ അവസരത്തിൽ, നിങ്ങളെ നമ്മുടെ മൈനർ സെമിനാരിയിലേക്ക് സ്നേഹപൂർവ്വം, ക്ഷണിക്കുകയാണ്. തൊടുപുഴയ്ക്ക് അടുത്തുള്ള തൊമ്മൻകുത്തിലെ ഈ സെമിനാരിയിൽ മുൻകൂട്ടി അറിയിച്ചാൽ താമസിക്കുവാനും സൗകര്യമുണ്ട്.

വിളവിന്റെ നാഥനായ ഈശോനാഥൻ നമ്മെ സമൃദ്ധമായി അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട്

സ്നേഹപൂർവ്വം  
നിങ്ങളുടെ പിതാവ്  
**ആർച്ച്ബിഷപ്പ് കുര്യാക്കോസ് ഭരണികുളങ്ങര**  
ഫരീദാബാദ്-ഡൽഹി രൂപതയുടെ മെത്രാൻ

---

*(കരോൾ ബാഗിലുള്ള രൂപതാ കാര്യാലയത്തിൽ നിന്ന് 2020-ാം ആണ്ട് മാർച്ച് 30-ാം തീയതി തിങ്കളാഴ്ച നൽകപ്പെട്ടത്. ഈ ഇടയലേഖനം ലോക്ക് ഡൗൺ കഴിഞ്ഞതിനുശേഷം വരുന്ന ഞായറാഴ്ച കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും ഞായറാഴ്ച കുർബാനയുള്ള എല്ലാ സ്ഥാപനങ്ങളിലും പൊതുജനങ്ങൾക്കായി വായിക്കേണ്ടതാണ്.)*

# CONSECRATION TO THE IMMACULATE HEART OF MARY

**Archbishop Kuriakose Bharanikulangara**



As Christians we practise different kinds of devotions and among them the prominent one is the devotion to Mother Mary. Syro-Malabar Church has a strong tradition of praying the rosary and the Novena of Mother of Perpetual Succour on Saturdays. It is from the devotion to Mother Mary, the practice of Consecration to Immaculate Heart of Mother Mary originated, especially after the apparition of BVM in Fatima. When we look into the Gospel we can see that the presence of the Mother had a great importance from the birth to the death of Jesus Christ and in the early Church, at Pentecost and later.

## What is the Consecration to Immaculate Heart of Mother Mary?

In the East, we have what may be seen as the oldest formula of consecration to Mother Mary proper in the writings of St. John Damascene, "O Mother, before you today we take our stand, o mother of God, you are our hope, you are our surest and strongest anchor, we bind ourselves to you. To you we consecrate our minds, our soul, our body, all that we are. We honour you as much as we can".

During the time of reformation (16th century), consecration to Mother Mary found a prime position in the everyday time-table of most of the religious communities. Later in the 17th century, St. Marie Grignion de Montfort gave popularity to the consecration to the Blessed Virgin.

In 1942, during the Second World War, **Pope Pius XII** issued a new form of consecration. He directed the faithful to address the Blessed Virgin Mary as the Queen of the Most Holy Rosary, declaring that, "In thee and in thy Immaculate Heart, at this grave hour of human history, do we put our trust; to thee we consecrate ourselves, not only with all of the Holy Church... but also with the whole world, torn by discords, agitated with hatred, the victim of its own iniquities. "

**Pope Pius XII** made this act of consecration twice in 1942, first in Fatima on 13 October and later in the Basilica of St. Peter on 8 December. In the Act of consecration in Rome, the Pope made an allusion to Russia, a nation that was professedly atheistic.

On 21 November 1964, Pope Paul VI reconsecrated the world to the Immaculate Heart of Mary saying "O Mary, while acknowledging Jesus Christ as the one true Saviour, we entrust the whole human race to your Immaculate Heart. Deliver

mankind from the scourges deserved for its sins, grant peace to the entire world; a peace founded on truth, on justice, on freedom and on love."

On May 13, in the first anniversary of the attempted assassination of himself, Pope John Paul II renewed the previous acts of consecration at St. Peter's Square.

**Pope Benedict XVI** and Pope Francis did this consecration many times, at different occasions.

Consecration to the Immaculate Heart of Mary – Meaning

**Pope Pius XII** teaches that "Consecration to the Mother of God is a total gift of self, for the whole of life and for all eternity..."The consecration includes the Rosary, meditation and Communions of reparation, prayer for the conversion of sinners and in reparation for offenses against the Divine Majesty. To everyone who makes the consecration and sincerely tries to live it, Our Lady promised "I will never leave you; my immaculate Heart will be your refuge and protection.

The 33 day consecration consists of an initial 12 day preparation followed by a period of three consecutive weeks, each week focusing on a different theme. The preparation would begin 33 days prior and after the 33 days program is completed, the Act of Consecration is made on a Marian feast day.

## How to make the Act of Consecration

The Consecration can be done for the remission of sins, conversion and salvation of oneself and for others: mother can do it for her children, wife can do it for husband, children can do it for parents, bishops can do it for the whole diocese, a parish priest can do it for the parish etc. the preparation consists of Creed, message of Mary, various prayers and a brief prayer of dedication. Once the consecration is made, it is for life. It can then be renewed annually. Through this, we are giving (offering) Mary all of ourselves- heart, mind and soul.

## Why to make the Consecration to Immaculate Heart of Mother Mary?

From the history of the Church, we see that at most difficult times, for instance during the I and II World War, when atheism, persecution against Christian faith prevailed, when plagues and diseases haunted the human kind, when world peace was at stake, etc., the Church leadership Consecrated the world to the Immaculate Heart of Mary.

Now the world is facing a pandemic and we say that the humankind is undergoing a situation worse than the Second World War. The tragic consequences are said to be more challenging than the Second World War. Our Prime Minister also mentioned it the other day. Such opinions were based on the effects of the pandemic. But what are the causes?

I would like to go back to the reflections of Pope Francis, which he made the other day at St. Peter's Square. On the religious or spiritual level, let us see how Pope Francis describes those effects. "When evening had come" (Mk 4:35), … we have realized that we are on the same boat, all of us fragile and disoriented, but at the same time … all of us are called to row together, each of us in need of comforting the other. On this boat… are all of us. Just like those disciples, who spoke anxiously with one voice, saying "We are perishing" (v. 38), so we too have realized that we cannot go on thinking of ourselves, but only together can we do this" (Pope Francis). The words of Jesus must resound in our heart at these testing times: "Why are you afraid? Have you no faith?"We should have solidarity and hope; no panic; we have to be together.

Our prayers should not be limited to survive and to get protected, and to sympathise. But to avoid evils that precipitated this tragedy.

## What are those evils or causes that gave birth to this tragedy?

Back to the words of Pope Francis: "In this world, … we have gone ahead at breakneck speed, feeling powerful and able to do anything. Greedy for profit, we let ourselves get caught up in things, and lured away by haste. We did not stop at your reproach to us, we were not shaken awake by wars or injustice across the world, nor did we listen to the cry of the poor or of our ailing planet. We carried

on regardless, thinking we would stay healthy in a world that was sick. Now that we are in a stormy sea, we implore you: "Wake up, Lord!".

From the words of Pope Francis and Encyclicals of the Church, in my personal opinion, the causes of the current crisis are threefold:

- 1. The false notion of the development and genetic engineering without morality
- 2. The disproportionate use and abuse of the Environment
- 3. The unethical imbalance of power speculated by the Nations

We can do everything, at any cost … against all conventional moral standards.

To explain this, let me first have a small analysis of the origin of Corona, as the scientists clarify. The virus Covid-19 was found in the wet market of Wuhan in China where you get everything- all forbidden wild animals, any type of traditional medicine, meat etc. Corona virus arose in a wildlife host before jumping to humans. Bats and pangolins are the suspected carriers and from them to humans. "Researchers conclude that the virus is transmitted to the humans through a "natural evolution,". They dismiss "any speculation about deliberate genetic engineering." Through natural selection in a non-human host and then jumped to humans. They rule out laboratory manipulation as a potential origin for SARS-CoV-2". However, in all probability, it could be through a deliberate action or a collateral by-product of genetic mutation. It is through genetic sequencing, they were able to detect corona viruses in five pangolins.

This is how previous corona virus outbreaks have emerged, with humans contracting the virus after direct exposure to civets (SARS) - SARS (Severe Acute Respiratory Syndrome) - WHO and camels Middle East respiratory syndrome corona virus (MERS ... – WHO MERS).

## The disproportionate use and abuse of the Environment

It has been noted that Genetic Mutation and Experiments have not always within ethical standards. Through genetic engineering, genes can be mutated in plants and fruits developing GMOs (genetically modified organisms). The WHO defines it as follows: "Genetically modified organisms (GMOs) can be defined as organisms (i.e. plants, animals or microorganisms) in which the genetic material (DNA) has been altered in a way that does not occur naturally by mating and/or natural re-combination. The technology is often called "modern biotechnology" or "gene technology", sometimes also "recombinant DNA technology" or "genetic engineering". It allows selected individual genes to be transferred from one organism into another, also between nonrelated species. Foods produced from or using GM organisms are often referred to as GM foods.

We see that "everything in the environment" is used and misused for the use and profit of humankind, even human cells and bone marrow (stem cell experiments).

**Saint John Paul II** called for a global ecological conversion and insisted to safeguard the moral conditions for an authentic human ecology. The destruction of the human environment is extremely serious, not only because God has entrusted the world to us men and women, but because human life is itself a gift which must be defended from various forms of debasement. Authentic human development has a moral character. It presumes full respect for the human person, but it must also be concerned for the world around us and "take into account the nature of each being and of its mutual connection in an ordered system".

**Pope Benedict** asked to recognize that the natural environment has been gravely damaged by our irresponsible behaviour and remarked that man is spirit and will, but also nature. The social environment has also suffered damage. "Both are ultimately due to the same evil: the notion that there are no indisputable truths to guide our lives, and hence human freedom is limitless." With paternal concern, Benedict urged us to realize that creation is harmed "where we ourselves have the final word, where everything is simply our property and we use it for ourselves alone. The misuse

of creation begins when we no longer recognize any higher instance than ourselves, when we see nothing else but ourselves"

**Pope Francis** in his Encyclical *Laudato Si* explained the urgent challenge to protect our common home together to seek a sustainable and integral development. "The urgent challenge to protect our common home includes a concern to bring the whole human family together to seek a sustainable and integral development, for we know that things can change. …"

According to him, the tragic effects of environmental degradation are on the lives of the world's poorest. The Pope spoke about pollution, waste and the throwaway culture. He observed that the consequences of loss of bio-diversity are drastic. The degree of human intervention, often in the service of business interests and consumerism is actually making our earth less rich and beautiful. Replacement of virgin forest with plantations of trees, wetlands converted into cultivated land etc. lose the enormous biodiversity which they formerly hosted. Water bodies are affected by dumping of waste and uncontrolled or selective fishing. "But a sober look at our world shows that the degree of human intervention, often in the service of business interests and consumerism, is actually making our earth less rich and beautiful, ever more limited and grey, even as technological advances and consumer goods continue to abound limitlessly.

He is concerned about the replacement of virgin forest with plantations of trees, usually monocultures, which is rarely adequately analysed. "Yet this can seriously compromise a biodiversity which the new species being introduced does not accommodate. Similarly, wetlands converted into cultivated land lose the enormous biodiversity which they formerly hosted. In some coastal areas the disappearance of ecosystems sustained by mangrove swamps is a source of serious concern." The Encyclical spoke about oceans, tropical and subtropical seas, marshy lands, etc which suffer the consequences of the environmental degradation. In such environmental degradation, it becomes difficult to hear the cry of nature itself.

The human environment and the natural environment deteriorate together; we cannot adequately combat environmental degradation unless we attend to causes related to human and social degradation. In fact, the deterioration of the environment and of society affects the most vulnerable people on the planet: "Both everyday experience and scientific research show that the gravest effects of all attacks on the environment are suffered by the poorest".

While human intervention on plants and animals is permissible when it pertains to the necessities of human life, the Catechism of the Catholic Church teaches that experimentation on animals is morally acceptable only "if it remains within reasonable limits [and] contributes to caring for or saving human lives". The Catechism firmly states that human power has limits and that "it is contrary to human dignity to cause animals to suffer or die needlessly". All such use and experimentation "requires a religious respect for the integrity of creation".

The Pope made it clear that the Church values the benefits which result "from the study and applications of molecular biology, supplemented by other disciplines such as genetics, and its technological application in agriculture and industry". But he also pointed out that this should not lead to "indiscriminate genetic manipulation", which ignores the negative effects of such interventions.

The human intervention on plants and animals, which at present includes genetic manipulation by biotechnology for the sake of exploiting the potential present in material reality, cannot be justified.

It is noted that "although no conclusive proof exists that GM cereals may be harmful to human beings, and in some regions their use has brought about economic growth which has helped to resolve problems, there remain a number of significant difficulties which should not be underestimated."

In all these matters, we "require constant

attention and a concern for their ethical implications" and the Pope called for an integral ecology. "Since everything is closely interrelated, and today's problems call for a vision capable of taking into account every aspect of the global crisis, I suggest that we now consider some elements of an integral ecology, one which clearly respects its human and social dimensions. The need of the time is an environmental, economic and social ecology.

The Chief Environmental Economist at the United Nations Environment Programme (UNEP) recently stated that "since Corona outbreak an 84.5 per cent increase in good air quality in 337 cities, shows a decline in nitrogen dioxide over China. This demonstrates a trade-off between consumption-driven society (and its interference with nature) and the resiliency of nature and ecosystems. The UNEP noted that regardless of its cause or origin, the emergence of COVID-19 has underscored the mutually-affective relationship between people and nature.

We know that in Delhi, today Air Quality Index is 69 – we have seen this up to 858; Air quality index in Delhi before lockdown was 214 high and 65 low after 6th day. We have experienced here the highest 858.

We do all these under a false notion of development and genetic engineering without morality. The related MDGs (Millennium Development Goals) [1] and the SDGs (Sustainable Development Goals) [2] should be aimed at integral human development and focus on the innate human dignity of human person. The targets and indicators of such development should be achieved with responsibility, and justice, not mere profit and consumerism.

To conclude let me say an anecdote of an elderly man. After a long stay for Corona in a hospital in Italy, a 93 year old man got better and on the day of discharge, he was told to pay nominally for the ventilator for one day. It was around 5,000.- Euros and the old man started to cry. The doctors advised him not to cry over the bill. Then the old man said, "I don't cry because of the money I have to pay. I can pay all the money. I cry because I have been breathing God's air for 93 years but I never paid for it. It takes 5000.-Euros to use a ventilator in a hospital for one day. Do you know how much I owe to God? I didn't thank God for that before." This made all the doctors cry. When we breathe the air freely without pain or illness, no one takes the air seriously or appreciates it. Only when we enter the hospital we realize that breathing oxygen with a ventilator costs a lot.

All things that we need are given by God, the Creator. All five prime elements of nature in Indian thought- earth, water, fire, air, and space -are gifts of the Almighty. Disproportionate mutation of these will have disproportionate reactions. They are given for our use. We should learn to use it with responsibility and justice, and we are not to abuse it. ■

***Compiled from the talks by Br. Jino Kalaparambil***

---

1. The 2000 Millennium Development Goals, to be achieved in 2015 are the following to eradicate extreme poverty and hunger; to achieve universal primary education; to promote gender equality and empower women; to reduce child mortality; to improve maternal health; to combat HIV/AIDS, malaria, and other diseases; to ensure environmental sustainability; and to develop a global partnership for development.

2. The 17 sustainable development goals (SDGs) to be achieved in 2030 to transform our world are:

GOAL 1: No Poverty; GOAL 2: Zero Hunger; GOAL 3: Good Health and Well-being; GOAL 4: Quality Education;

GOAL 5: Gender Equality; GOAL 6: Clean Water and Sanitation; GOAL 7: Affordable and Clean Energy; GOAL 8: Decent Work and Economic Growth; GOAL 9: Industry, Innovation and Infrastructure; GOAL 10: Reduced Inequality; GOAL 11: Sustainable Cities and Communities; GOAL 12: Responsible Consumption and Production;

GOAL 13: Climate Action; GOAL 14: Life Below Water; GOAL 15: Life on Land; GOAL 16: Peace and Justice Strong Institutions; GOAL 17: Partnerships to achieve the Goal.

Documentation

# ഈശോയുടെ തിരുഹൃദയ പ്രതിഷ്ഠ



മാർ ജോസ് പുത്തൻവീട്ടിൽ

ഈശോയുടെ തിരുഹൃദയത്തിനും മാതാവിന്റെ വിമലഹൃദയത്തിനും ഓരോ വ്യക്തിയെയും കുടുംബത്തെയും രാജ്യത്തെയും പ്രതിഷ്ഠിക്കുന്ന അനുഗ്രഹദായകമായ പാരമ്പര്യം തിരുസഭയിൽ നിലനിന്നിരുന്നു. ഇപ്പോഴത്തെ ഈ വിഷമഘട്ടത്തിൽ നാമോരോരുത്തരെയും ഈശോയുടെ തിരുഹൃദയത്തിനും മാതാവിന്റെ വിമലഹൃദയത്തിനും പ്രതിഷ്ഠിക്കുന്നത് വളരെ പ്രയോജനപ്രദമാണ്.

എന്താണ് ഈശോയുടെ തിരുഹൃദയമെന്നും എന്തിനാണ് എങ്ങനെയാണ് തിരുഹൃദയത്തിനു പ്രതിഷ്ഠിക്കുന്നതെന്നും ഈ ലേഖനത്തിലൂടെ മനസ്സിലാക്കാൻ സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

## എന്താണ് ഈശോയുടെ തിരുഹൃദയം

ഇന്ന് നമ്മൾ കാണുന്ന തിരുഹൃദയരൂപം 1673 ഡിസംബർ 27- ന് വിസിറ്റേഷൻ സന്യാസിനിയായിരുന്ന വി. മാർഗരേറ്റ് മേരി അൽകോക്കിന് ദർശനത്തിലൂടെ ഈശോ വെളിപ്പെടുത്തി നൽകിയതാണ്.

## ഈശോയുടെ തിരുഹൃദയത്തിന്റെ പ്രത്യേകതകൾ

1. **ഈശോയുടെ തിരുഹൃദയം ശരീരത്തിന്റെ പുറത്താണ്.**
   അത് സൂചിപ്പിക്കുന്നത് ഈശോയുടെ സ്നേഹം എപ്പോഴും നമ്മെ മാടിവിളിക്കുന്നു എന്നുള്ളതാണ്. എല്ലാവർക്കും ഓടിച്ചെന്ന് അഭയം പ്രാപിക്കാൻ പറ്റിയ ഹൃദയമാണ് ഈശോയുടെ തിരുഹൃദയം
2. **തിരുഹൃദയത്തിൽ ഒരു വിശുദ്ധ കുരിശ്** ഉണ്ട്.
   കുരിശ് രക്ഷയുടെ അടയാളമാണ്. കുരിശിലൂടെയാണ് ഈശോ നമുക്കെല്ലാവർക്കും രക്ഷ പ്രധാനം ചെയ്തത്. ഈ കുരിശാണ് ഈശോയുടെ തിരുഹൃദയത്തിലും ഉള്ളത്.
3. **മുൾമുടിയാൽ ചുറ്റപ്പെട്ട ഹൃദയമാണ്**
   ഇത് സൂചിപ്പിക്കുന്നത് സഹനമാണ്. ഈശോ നമ്മുടെ രക്ഷയ്ക്കുവേണ്ടി ഒത്തിരിയേറെ സഹിച്ചു. ഈശോ ഇന്നും നമ്മുടെ സഹനത്തിൽ പങ്കുചേരുന്നു. നമ്മുടെ പാപങ്ങളും നിന്ദനങ്ങളും മൂലം ഇന്നും ഈശോയുടെ ഹൃദയം വേദനിക്കുന്നു. ഈശോയുടെ ഹൃദയത്തിലെ മുൾമുടി കാണുമ്പോൾ നമ്മുടെ പാപങ്ങളെ ഓർത്തു അനുതപിക്കാൻ നമുക്കു കഴിയണം
4. **തിരുഹൃദയത്തിൽ അഗ്നിനാളമുണ്ട്**
   ഇത് സൂചിപ്പിക്കുന്നത് ഈശോയുടെ അസ്തമിക്കാത്ത സ്നേഹമാണ്. എക്കാലത്തും എല്ലാവരെയും സ്നേഹിക്കുന്ന ദൈവമാണ് നമുക്കുള്ളത്. എല്ലാവരെയും ആത്മാർത്ഥമായി സ്നേഹിക്കണമെന്നാണ് ഇതിലൂടെ ഈശോ പറയുന്നത്.

5. **തിരുഹൃദയത്തിൽ മുറിവുകളുണ്ട്**
   ഇത് ജീവന്റെ അടയാളമാണ്. ഈശോയുടെ തിരുഹൃദയത്തിൽ നിന്നും ഒഴുകുന്ന രക്തവും വെള്ളവും നമുക്ക് നിത്യജീവൻ നൽകുന്നു. ഈ മുറിവിൽ നിന്ന് കൂദാശകളായ കൃപകൾ ഒഴുകുന്നു.
6. **തിരുഹൃദയം നിലക്കാതെ തുടിക്കുന്നു.**
   ഈശോ ലോകത്തിലെ എല്ലാ സഹനങ്ങളും ഏറ്റെടുത്തു. അസ്തമിക്കാത്ത സ്നേഹമാണ് ആ തിരുഹൃദയത്തിലുള്ളത്.

## എന്തിനാണ് ഈശോയുടെ തിരുഹൃദയത്തിനു നമ്മളെത്തന്നെ പ്രതിഷ്ഠിക്കുന്നത്

വളരെ പ്രസിദ്ധമായ, അഭിഷേകമുള്ള ഒരു പ്രാർത്ഥനയുണ്ട്–"എന്റെ ഈശോയെ, എന്റെ ഹൃദയം അങ്ങയുടെ തിരുഹൃദയത്തിന് ഒത്തതാക്കണമേ.''നമ്മുടെ ഹൃദയം ഈശോയുടെ തിരുഹൃദയം പോലെയാവുമ്പോൾ നമ്മൾ വിശുദ്ധരായി മാറും. നമ്മൾ മറ്റൊരു ക്രിസ്തുവായി രൂപാന്തരപ്പെടും. അങ്ങനെ കുടുംബങ്ങൾ തിരുകുടുംബങ്ങളായി മാറും. സഭ തിരുസഭയായി മാറും. ലോകം ദൈവരാജ്യമായി മാറും. അപ്പോൾ നമ്മുടെ ഹൃദയത്തിൽ നിന്നും കൃപയും വിശുദ്ധിയും നന്മയും ധാരാളമായി ഒഴുകും. ഹൃദയശുദ്ധിയോടെ നമ്മൾ പ്രാർത്ഥിക്കുമ്പോൾ കർത്താവിന്റെ മഹാത്ഭുതങ്ങൾ കാണാൻ നമുക്ക് സാധിക്കും

## തിരുഹൃദയത്തിന്റെ 3 പ്രധാനഗുണങ്ങൾ

1. **കരുതലുള്ള ഹൃദയം**
   ഈശോയുടെ ഹൃദയം കരുതലുള്ള ഹൃദയമാണ്. നല്ല സമരിയക്കാരന്റെയും കാണാതായ ആടിന്റെയും ഉപമകളിലൂടെ ഈശോയുടെ കരുണ നമുക്ക് കാണാൻ കഴിയും.
2. **പങ്കുവെയ്ക്കുന്ന ഹൃദയം**
   ഈശോയുടെ സ്നേഹം അനന്തമാണ്, അതിരില്ലാത്തതാണ്. കാനായിൽ വെള്ളം വീഞ്ഞാക്കിയതും അഞ്ചപ്പം അയ്യായിരം പേർക്ക് നൽകിയതും ലോകത്തിന് ഈശോ നൽകിയ ഏറ്റവും വലിയ ദാനമായ വി.കുർബാനയും പങ്കുവെയ്ക്കുന്ന ഹൃദയത്തിന്റെ വലിയൊരു അടയാളമാണ്.

   മൂന്നു തരത്തിലുള്ള സ്നേഹമുണ്ട് : 1.സ്വാർത്ഥ സ്നേഹം – എല്ലാം എന്റെ ഇഷ്ടമനുസരിച്ചു നടക്കണം എന്നുള്ള ചിന്ത; 2. വിഭജിക്കപ്പെട്ട സ്നേഹം – സ്വന്തം കാര്യം നേടുവാൻ വേണ്ടി കുറച്ചുകാലത്തേക്കുള്ള സ്നേഹം; 3. സമ്പൂർണ്ണസ്നേഹം – സ്വജീവൻ പോലും നൽകി ഈശോ നമ്മോടുള്ള സ്നേഹം പങ്കുവെച്ചു. ക്രിസ്തീയ ആദ്ധ്യാത്മികത എന്നത് തന്നെപ്പററി ചിന്തിക്കാതെ ദൈവത്തെയും മറ്റുള്ളവരെയും കുറിച്ച് മാത്രം ചിന്തിക്കുന്നതാണ്. ഈശോയുടെ തിരുഹൃദയം നമുക്ക് നൽകുന്നത് സമ്പൂർണ്ണ സ്നേഹമാണ്.
3. **സഹിക്കുന്ന സ്നേഹം**
   ഈശോയുടെ ഹൃദയം നാമെല്ലാവരേയും ഉൾക്കൊള്ളുന്ന, താങ്ങുന്ന, സ്വീകരിക്കുന്ന, പാപികളെ സ്നേഹിക്കുന്ന നഷ്ടപ്പെട്ടതിനെ കണ്ടെത്തുന്ന ഹൃദയമാണ്. ഈശോ പറയുന്നു അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം.

## എങ്ങനെ ഈശോയുടെ തിരുഹൃദയത്തിനു പ്രതിഷ്ഠിക്കണം

**ആന്തരിക ഒരുക്കങ്ങൾ** : ഈശോയുടെ തിരുഹൃദയത്തിനു പ്രതിഷ്ഠിക്കുന്ന ദിവസം കുടുംബാംഗങ്ങൾ എല്ലാവരും ദേവാലയത്തിൽ പോയി കുമ്പസാരിച്ച് വി. കുർബാനയിൽ പങ്കെടുത്ത് ദിവ്യകാരുണ്യ സ്വീകരിച്ച് ഒരുങ്ങണം. എല്ലാവരോടും അനുരഞ്ജനപ്പെട്ട് സ്നേഹത്തിലായിരിക്കണം. സാധ്യമെങ്കിൽ ഒരു പാവപ്പെട്ട കുടുംബത്തെ സഹായിക്കുവാൻ തയ്യാറാകണം.

**ബാഹ്യമായ ഒരുക്കങ്ങൾ** : ഭവനത്തിൽ ഒരു വൈദികനെ ക്ഷണിക്കണം. ഭവനത്തിൽ ഒരു പീഠം അലങ്കരിക്കണം. വൈദികൻ ഭവനം വെഞ്ചിരിക്കണം. കുടുംബനാഥൻ തിരുഹൃദയരൂപം പീഠത്തിൽ പ്രതിഷ്ഠിച്ചതിനുശേഷം എല്ലാവരും ഒരുമിച്ച് വിശ്വാസപ്രമാണം ചൊല്ലുന്നു. വൈദികൻ ഒരു സന്ദേശം നൽകിയതിനുശേഷം എല്ലാവരും തിരുഹൃദയപ്രതിഷ്ഠ ഏറ്റുചൊല്ലുകയും വൈദികൻ സമാപനാശീർവ്വാദം നൽകുകയും ചെയ്യുന്നു.

## തിരുഹൃദയ ഭക്തിയിൽ നിലനിൽക്കാൻ:

1. കുടുംബത്തിലും മുറിയിലും ഈശോയുടെ തിരുഹൃദയരൂപം പ്രതിഷ്ഠിക്കുക.
2. എല്ലാദിവസവും തിരുഹൃദയത്തിനു മുൻപിൽ സമർപ്പിച്ചു പ്രാർത്ഥിക്കുക.
3. എല്ലാ ആദ്യവെള്ളിയാഴ്ചയും കുമ്പസാരിച്ച് വി.കുർബാനയിൽ പങ്കെടുത്ത് ദിവ്യകാരുണ്യം സ്വീകരിക്കുക.
4. എല്ലാ വ്യാഴാഴ്ചയും ഈശോയുടെ പീഡാനുഭവങ്ങൾ ധ്യാനിച്ച് രാത്രി ഒരു മണിക്കൂർ ആരാധന നടത്തുക.
5. തിരുഹൃദയത്തിന്റെ തിരുനാളിൽ വി.കുർബാനയിൽ പങ്കെടുത്ത് ആഘോഷിക്കുക.
6. തിരുഹൃദയ ജപമാല ചൊല്ലുക.
7. എന്റെ ഈശോയെ എന്റെ ഹൃദയം അങ്ങയുടെ തിരുഹൃദയത്തിന് ഒത്തതാക്കണമേ എന്ന് ഇടയ്ക്കിടെ ചൊല്ലുക.
8. തിരുഹൃദയ ലുത്തിനിയ പ്രാർത്ഥിക്കുക.
9. ഈശോയുടെ തിരുഹൃദയത്തിന് പ്രതിഷ്ഠിക്കപ്പെട്ട ജൂൺ മാസത്തിൽ തിരുഹൃദയ വണക്കമാസ പ്രാർത്ഥന ചൊല്ലുക
10. തിരുഹൃദയ ഭക്തിയെക്കുറിച്ച് പഠിക്കുക.
11. ഈശോ നൽകിയ വാഗ്ദാനങ്ങൾ ധ്യാനിക്കുക.
12. തിരുഹൃദയത്തെക്കുറിച്ച് മറ്റുള്ളവർക്കും കുഞ്ഞുങ്ങൾക്കും പറഞ്ഞുകൊടുക്കുക.
13. തിരുഹൃദയത്തെക്കുറിച്ചുള്ള നല്ല പ്രഭാഷണങ്ങൾ കേൾക്കുക, വീഡിയോകൾ കാണുക.
14. തിരുഹൃദയ ഭക്തരുടെ കൂട്ടായ്മ രൂപീകരിക്കുക.
15. തിരുഹൃദയ സ്നേഹം കാരുണ്യ പ്രവർത്തികളിലൂടെ പങ്കുവെയ്ക്കുക.

## വാഗ്ദാനങ്ങൾ

ഈശോയുടെ തിരുഹൃദയത്തിന് പ്രതിഷ്ഠിച്ചു ആരാദിക്കുന്നവർക്ക് 12 വാഗ്ദാനങ്ങളുടെ കൃപകൾ ലഭിക്കും.

**തിരുഹൃദയഭക്തി ഉള്ളവരോട് ഈശോ പറയുന്നു:**

1. ഞാൻ അവർക്ക് അവരുടെ ജീവിതാവസ്ഥയ്ക്കു അത്യാവശ്യമായ എല്ലാ കൃപകളും നൽകും.
2. ഞാൻ അവരുടെ ഹൃദയങ്ങളിൽ സമാധാനം സ്ഥാപിക്കും.
3. ഞാൻ അവരുടെ എല്ലാ പ്രയാസങ്ങളിലും അവരെ ആശ്വസിപ്പിക്കും.
4. ഞാൻ അവരുടെ സകല സംരംഭങ്ങളുടെയുംമേൽ ധാരാളം അനുഗ്രഹങ്ങൾ വർഷിക്കും.
5. പാപികൾ എന്റെ ഹൃദയത്തിൽ കാരുണ്യത്തിന്റെ ഉറവിടവും അളവറ്റ സമുദ്രവും കണ്ടെത്തും.
6. മന്ദോഷ്ണതയുള്ള ആത്മാക്കൾ തീക്ഷ്ണതയുള്ളവരാകും.
7. തീക്ഷ്ണതയുള്ള ആത്മാക്കൾ വേഗത്തിൽ പൂർണ്ണതയുടെ ഉന്നതനിലയിലെത്തും.
8. എന്റെ ഹൃദയത്തിന്റെ ചിത്രം പ്രദർശിപ്പിക്കുകയും ബഹുമാനിപ്പിക്കുകയും ചെയ്യുന്ന ഓരോ സ്ഥലത്തെയും ഞാൻ അനുഗ്രഹിക്കും.
9. ഏറ്റവും കഠിനമായ ഹൃദയങ്ങളെ സ്പർശിക്കുവാനുള്ള വരം ഞാൻ വൈദികർക്ക് നല്കും.
10. ഈ ഭക്തി പ്രചരിപ്പിക്കുന്നവരുടെ പേരുകൾ എന്റെ ഹൃദയത്തിൽ എഴുതപ്പെടും.
11. തുടർച്ചയായി ഒൻപതു ആദ്യവെള്ളിയാഴ്ചകളിൽ ദിവ്യകാരുണ്യം സ്വീകരിക്കുന്ന എല്ലാവർക്കും അവസാനകാല സ്ഥിരതയുടെ കൃപ എന്റെ സർവ്വശക്തമായ സ്നേഹം നൽകുമെന്ന് എന്റെ ഹൃദയത്തിന്റെ അധിക കാരുണ്യത്തിൽ ഞാൻ വാഗ്ദാനം ചെയ്യുന്നു. അവർ എന്റെ കൃപ കൂടാതെ മരിക്കുകയില്ല. കൂദാശകൾ സ്വീകരിക്കാതെ മരിക്കുകയും ഇല്ല. അവരുടെ അവസാന നിമിഷത്തിൽ എന്റെ ദൈവിക ഹൃദയം അവർക്കു അഭയകേന്ദ്രമായിരിക്കും.

എന്താണ് തിരുഹൃദയമെന്നും എന്തിനാണ് എങ്ങനെയാണ് തിരുഹൃദയം പ്രതിഷ്ഠിക്കുന്നതെന്നും നാം കണ്ടു.ഈശോയുടെ തിരുഹൃദയത്തിന് നമ്മെത്തന്നെ പ്രതിഷ്ഠിച്ചുകൊണ്ടു സ്വയം വിശുദ്ധീകരിക്കുകയും കുടുംബത്തെ തിരുക്കുടുംബമാക്കുവാനും ലോകത്തെ ദൈവരാജ്യമാക്കുവാനും നമുക്ക് പ്രാർത്ഥിക്കുകയും പരിശ്രമിക്കുകയും ചെയ്യാം. തിരുഹൃദയത്തെക്കുറിച്ച് കൂടുതലായി പഠിക്കുകയും ധ്യാനിക്കുകയും ചെയ്തുകൊണ്ട് തിരുഹൃദയഭക്തിയിൽ വളരുവാനും തിരുഹൃദയഭക്തി പ്രചരിപ്പിക്കുവാനും ദൈവം നമ്മെ ഓരോരുത്തരെയും അനുഗ്രഹിക്കട്ടെ. ■

***Compiled from the talks by Br. Jino Kalaparambil***

*continue from page no 2*

Cyrene, until he reaches Golgotha to be crucified. He entrusts us to Mary, hands himself over to the Father, dies and is placed in a new and empty sepulcher from which he will rise on the third day.

The Holy Land and especially the Christian community that lives there has always occupied an important place in the heart of the universal Church which – as St. Paul recalls – when it expresses its solidarity with Jerusalem, including through economic support, performs an act of restitution. Indeed, the whole Church has received from Jerusalem the gift and joy of the Gospel and of salvation in Christ Jesus "who, though he was rich, made himself poor for you, so that you could become rich through his poverty" (2 Cor 8:9). It is awareness of the gift received that still motivates us to give with joy and generosity, in fidelity to the Church's earnest request to all her children.

You know well what severe trials the Church in the Holy Land and throughout the Middle East has endured over the centuries. Those trials are not yet finished: the tragedy of the progressive reduction of the number of local faithful continues, with the consequent risk of seeing the various Christian traditions that date back to the early centuries disappear. Long and exhausting wars continue to produce millions of refugees and strongly influence the future of entire generations. They see themselves deprived of the most basic goods such as the right to a peaceful childhood, to a harmonious school education, to dedicating one's youth to looking for a job and forming a family, to discovering one's vocation, to an industrious and dignified adult life, and to a peaceful old age.

The Church continues to work to safeguard the Christian presence and to give voice to the voiceless. She certainly does so on the pastoral and liturgical level, which is fundamental for the life of our small communities. She also continues to work seriously to provide quality education through schools, which are fundamental for safeguarding Christian identity and for building fraternal coexistence especially with Muslims, according to the indications contained in the "Abu Dhabi Declaration". Thanks to the generosity of the faithful around the world, the Church continues to make accommodation available to young people who wish to form a new family, as well as to facilitate their search for employment. Likewise, she continues to provide concrete material assistance where there are forms of endemic poverty, such as health needs and humanitarian emergencies linked to the flow of refugees and foreign migrant workers.

The care of the Sanctuaries, which would be impossible without the collection pro Terra Sancta, is also of fundamental importance, both because they preserve the memory of divine revelation, the mystery of the Incarnation and our Redemption; and because in those places the local Christian community finds the foundations of its identity. Around the sanctuaries and thanks to their presence, many of the Christian faithful find dignified work as they welcome the millions of pilgrims who in recent years have come, in ever increasing numbers, to visit the Holy Places.

To Your Excellency, to the priests, to the consecrated men and women, and to the faithful who strive for the success of the Collection, I have the joy of transmitting the deep gratitude of the Holy Father, Pope Francis.

Finally, as I invoke abundant divine blessings on your diocese, I offer my most fraternal greeting in the Lord Jesus. ■

Sincerely

**+Leonardo Card. Sandri Prefect**



# PASTORAL TASK FORCE TO FIGHT COVID 19 ATTRACTS ATTENTION

***Fr. Ginto K. Tom***

The rapid spread of COVID 19 has pushed the world into a state of anxiety and uncertainty. The governments both Federal and State in our nation are doing everything in their capacity to curtail its spread. The various timely decisions of the governments including the decision of the central government to go for a nationwide 21-day lockdown have proven tremendously beneficial. Still, the spread of Covid 19 is still to be curtailed. The rise in the number of corona cases day by day and the unpredictability of the extent of its spread has led to an increase in anxiety among the people.

Under such circumstances, Archbishop Kuriakose Bharanikulangara has come up with a new initiative to set up a Pastoral Task Force (PTF) in the diocese to help the people get rid of their anxiety and fear through tele-counseling. Foreseeing the approaching catastrophe, the Archbishop had issued a formal circular explaining his plan to set up the PTF even prior to the nation going into a complete shutdown. In his circular, he stated that the migrant community constitutes a majority of the members of Faridabad diocese. These people have their close relatives staying in Kerala or abroad and they may face greater emergencies and mental agony due to the fast spread of COVID 19. So there is an immediate need for the formation of PTF. The PTF team consists of priests, sisters, and other people from various parishes in the diocese who are experienced and trained in the field of counselling and medicine. They offer spiritual, psychological and material support to strengthen people during these tough times.

Faridabad diocese became the first diocese to make such a move. Apart from this, the diocese has also taken vital measures to provide material and spiritual help. The diocese, through its social wing and with the help of various parishes, provides food and sanitary materials to the needy on a regular basis. It provides regular guidelines about church-related matters on the basis of the government's decisions and offers live spiritual services online. Archbishop Kuriakose has strictly instructed the priests to render spiritual and psychological support to the people online and make themselves available for people on the phone and social media. He advised all the priests to offer live spiritual services to the people regularly using the various social media platforms and teleconferencing apps.

The Archbishop himself provides live spiritual services every day through the YouTube channel "Truth Tidings" and also conducts live telephonic sessions to motivate people during this time of crisis. He also gives motivation to the people through videos and writings to spend this time fruitfully. The Archbishop has stated that the time of social distancing is also a time of spiritual binding and has advised all to maintain social concern and solidarity even while practicing social distancing. He stated that although the PTF is the official support system of the diocese its time when everyone should function as a channel of support for each other. ■



# യേശുവിന്റെ വിശുദ്ധ കുരിശ്: സത്യവും മിഥ്യയും

**ആർച്ച്ബിഷപ്പ് കുര്യാക്കോസ് ഭരണികുളങ്ങര ദു:ഖവെള്ളിയാഴ്ച നടത്തിയ പ്രസംഗത്തെ ആസ്പദമാക്കിയുള്ള ലേഖനം (തയ്യാറാക്കിയത്: ശ്രീമതി ജോളി വടക്കൻ)**

ഇന്ന് വിശുദ്ധ കുരിശിന്റെ വിചിന്തനങ്ങളായതുകൊണ്ട് നമുക്ക് കുരിശടയാളം വരച്ച് തുടങ്ങാം. ഈ ഗുഡ്ഫ്രൈഡേ മലയാളത്തിൽ നമ്മൾ പറയുന്ന ദു:ഖവെള്ളിയാഴ്ച വിശുദ്ധ കുരിശിന്റെ വിശുദ്ധീകരണ ശക്തിയെയും കുരിശിന്റെ രക്ഷാകര ദൗത്യത്തെയും പറ്റി ചില ചിന്തകൾ നമുക്ക് ഈ അവസരത്തിൽ പങ്കുവെയ്ക്കാം. വി.യോഹന്നാന്റെ സുവിശേഷം മൂന്നാം അദ്ധ്യായം 14-15 വാക്യങ്ങളിൽ നമ്മൾ ഇങ്ങനെ വായിക്കുന്നു. "മോശ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ, തന്നിൽ വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ടാകേണ്ടതിന് മനുഷ്യപുത്രനും ഉയർത്തപ്പെടേണ്ടിയിരിക്കുന്നു. എന്തെന്നാൽ അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏകജാതനെ നല്കാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു.'' വീണ്ടും വി.യോഹന്നാന്റെ സുവിശേഷം പന്ത്രണ്ടാം അദ്ധ്യായം 32-33 വാക്യങ്ങൾ ഇങ്ങനെയാണ്, "അവൻ ഭൂമിയിൽ നിന്നും ഉയർത്തപ്പെടുമ്പോൾ എല്ലാ മനുഷ്യരെയും എന്നിലേക്കാകർഷിക്കും. അവൻ ഇത് പറഞ്ഞത്, താൻ ഏത് വിധത്തിലുള്ള മരണമാണ് വരിക്കുവാൻ പോകുന്നത് എന്ന് സൂചിപ്പിക്കുവാനാണ്''

**പഴയനിയമ പശ്ചാത്തലം**

നമ്മൾ വായിച്ചുകേട്ട ഈ ആദ്യത്തെ സുവിശേഷ ഭാഗം ചൂണ്ടിക്കാണിക്കുന്നത് ഉദ്ധരിക്കുന്നത് പഴയ നിയമത്തിലെ സംഖ്യയുടെ പുസ്തകം ഇരുപത്തിയൊന്നാം അദ്ധ്യായം 4 മുതലുള്ള വാക്യങ്ങളിലാണ്. അവിടെ നമ്മൾ ഇങ്ങനെയാണ് വായിക്കുക. "ഏദോം ചുറ്റിപ്പോകാൻ ഹോർമലയിൽ നിന്ന് ചെങ്കടലിലേക്കുള്ള വഴിയേ അവർ യാത്രപുറപ്പെട്ടു; യാത്രാമദ്ധ്യേ ജനം അക്ഷമരായി. ദൈവത്തിനും മോശയ്ക്കുമെതിരായി അവർ സംസാരിച്ചു. ഈ മരുഭൂമിയിൽ മരിക്കുവാൻ നീ ഞങ്ങളെ ഈജിപ്തിൽ നിന്ന് കൊണ്ടുവന്നതെന്തിന്? ഇവിടെ അപ്പമോ വെള്ളമോ ഇല്ല; വിലകെട്ട ഈ അപ്പം തിന്ന് ഞങ്ങൾ മടുത്തു. അപ്പോൾ കർത്താവ് ജനത്തിന്റെ ഇടയിലേക്ക് ആഗ്നേയ സർപ്പങ്ങളെ അയച്ചു. അവയുടെ ദംശന മേറ്റ് ഇസ്രായേലിൽ വളരെപ്പേർ മരിച്ചു. ജനം മോശയുടെ അടുക്കൽ വന്ന് പറഞ്ഞു, അങ്ങേയ്ക്കും കർത്താവിനുമെതിരായി സംസാരിച്ചു. ഞങ്ങൾ പാപം ചെയ്തു. ഈ സർപ്പങ്ങളെ പിൻവലിക്കാൻ കർത്താവിനോട് പ്രാർത്ഥിക്കേണമേ! മോശ ജനത്തിനുവേണ്ടി പ്രാർത്ഥിച്ചു. അപ്പോൾ കർത്താവ് മോശയോട് അരുളിച്ചെയ്തു: ഒരു പിച്ചള സർപ്പത്തെ ഉണ്ടാക്കി വടിയിൽ ഉയർത്തിനിർത്തുക. ദംശന മേല്ക്കുന്നവർ അതിനെ നോക്കിയാൽ മരിക്കുകയില്ല. മോശ പിച്ചളകൊണ്ട് ഒരു സർപ്പത്തെ ഉണ്ടാക്കി അതിനെ വടിയിൽ ഉയർത്തിനിർത്തി. ദംശനമേറ്റവർ പിച്ചളസർപ്പത്തെ നോക്കി ജീവിച്ചു.''

ഒരുപക്ഷെ, പഴയനിയമത്തിലെ ഈ വായനയിൽ ഒരു കാര്യം നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാകും എന്താണ് ഈ ആഗ്നേയസർപ്പങ്ങൾ. ഇംഗ്ലീഷ് അതിനെ പറയുന്നത് fiery serpents or poisons serpents എന്നൊക്കെയാണ്. ഇങ്ങനെയുള്ള ആഗ്നേയസർപ്പങ്ങളെ മനസ്സിലാക്കണമെങ്കിൽ മരുഭൂമിയെ മനസ്സിലാക്കണം. ഞാൻ മൂന്ന് വർഷം ഇറാക്കിൽ നിന്ന് ജോർദാനിലെ അമ്മനിലേക്ക് പോയിരുന്നത് ഏതാണ്ട് 800 കിലോമീറ്റർ നീളുന്ന മരുഭൂമിയിലൂടെയായിരുന്നു. ഈ മരുഭൂമിയിൽ ജീവിക്കുന്ന മൃഗങ്ങൾക്കും മനുഷ്യർക്കും ഒക്കെ ഒരു പ്രത്യേകതയുണ്ട്. ഒരു മൊറഞ്ഞ ജീവിതങ്ങളാണ്. വെള്ളമില്ല, ആവശ്യത്തിന് ഭക്ഷണമില്ല. വലിയ ചൂട് ഇതു



